**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4930** **20-07-2022 - ൽ മറുപടിയ്ക്ക്**

**ഹയർ സെക്കന്ററി അദ്ധ്യാപക ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഹയർ സെക്കന്ററി വിഭാഗത്തിൽ വിവിധ വിഷയങ്ങളിൽ അദ്ധ്യാപകരുടെ ഒഴിവുകൾ നിലനിൽക്കുന്നുണ്ടോ; | (എ) | **നിലനിൽക്കുന്നുണ്ട്.** |
| (ബി) | എച്ച്.എസ്.എസ്.ടി. ഹിസ്റ്ററി സീനിയർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് അറിയിക്കാമോ; | (ബി) | **34 ഒഴിവുകൾ** |
| (സി) | കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ ഈ തസ്തികയിലെ എത്ര ഒഴിവുകൾ നിയമനം നടത്താതെ മാറ്റിവെച്ചിട്ടുണ്ടെന്നും പ്രസ്തുത ഒഴിവുകളിൽ ജൂനിയർ അദ്ധ്യാപകർക്ക് തസ്തികമാറ്റം വഴി താൽക്കാലികമായി നിയമനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ; | (സി) | 16 ഒഴിവുകൾ മാറ്റിവച്ചിട്ടുണ്ട്.<br>പ്രസ്തുത തസ്തികകൾ എച്ച്.എസ്.എ.മാരുടെ തസ്തികമാറ്റ നിയമനം വഴി നികത്താനുള്ളവയാണ്. |
| (ഡി) | എച്ച്.എസ്.എസ്.ടി. തസ്തികകളിൽ ഒരു വർഷം ഉണ്ടാകുന്ന ഒഴിവുകളിൽ എത്ര ശതമാനമാണ് ഹെഡ്മാസ്റ്റർമാരുടെ തസ്തികമാറ്റ നിയമനത്തിനായി മാറ്റി വച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | (ഡി) | എച്ച്.എസ്.എസ്.ടി. തസ്തികയിലേക്ക് ഹെഡ്മാസ്റ്റർമാരെ തസ്തികമാറ്റ നിയമനത്തിനായി പരിഗണിക്കുന്നില്ല. എച്ച്.എസ്.എസ്.ടി. തസ്തികയിലേക്ക് ഹയർസെക്കന്ററി സ്കൂൾ ടീച്ചർ ജൂനിയർ, ഹൈസ്കൂൾ ടീച്ചർ, എൽ.പി.-യു.പി. സ്കൂൾ അസിസ്റ്റന്റുമാർ എന്നീ അദ്ധ്യാപക വിഭാഗത്തിൽപ്പെട്ടവർക്ക് മാത്രമാണ് തസ്തികമാറ്റം നിയമനം നൽകിവരുന്നത്. |

സെക്ഷൻ ഓഫീസർ